**M.K. Rafeekha**
**President**
**Malappuram District Panchayat**
**Ph: 0483 - 2734564 (off)**

**Mannengal Kannamthodi House**
**Pulamanthole**
**Chemmalassery P.O., Pin-679323**
**Mob: 9544488801**
**rafeekhathottungal@gmail.com**

സ്വീകർത്താവ്

തിയ്യതി : 27/05/2021
Date ..............................

ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

സർ,

വിഷയം : മലപ്പുറം ജില്ലക്ക് ജനസസംഖ്യാനുപാതികമായി വാക്സിനേഷൻ കേന്ദ്രങ്ങളും, വാക്സിനും അനുവദിക്കുന്നത് സംബന്ധിച്ച്
സൂചന : കേന്ദ്ര കുടുംബ ക്ഷേമ മന്ത്രാലയം കോ- വിൻ സൈറ്റിലെ കറന്റ് സ്റ്റാറ്റിസ്റ്റിക്സ്

കേരള സർക്കാർ കോവിഡ് പ്രതിരോധ പ്രവർത്തന രംഗത്ത് നടത്തുന്ന നല്ല ഇടപെടലുകളെ അഭിനന്ദിക്കുകയും പൂർണ്ണ പിന്തുണ അറിയിക്കുകയും ചെയ്യുന്നു. അതോടൊപ്പം അങ്ങയുടെ അതീവ ശ്രദ്ധയും അടിയന്തിര ഇടപെടലും ആവശ്യമായ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിന് വേണ്ടിയാണീ കത്ത്

കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും ശരാശരി 4 ജില്ലകളുടെ വിസ്തൃതി വരുന്നതുമായ ജില്ലയാണ് മലപ്പുറം. എന്നാൽ ജില്ലയിലെ ജനങ്ങൾക്ക് കോവിഡ് കുത്തിവെപ്പെടുക്കുന്നതിന് വാക്സിൻ കേന്ദ്രങ്ങൾ അനുവദിച്ചപ്പോൾ ജില്ലയോട് വലിയ അവഗണന കാണിച്ചതായി കണക്കുകളിൽ നിന്ന് വ്യക്തമാവുന്നു. 33 ലക്ഷം ജനസംഖ്യയുള്ള തിരുവനന്തപുരം ജില്ലയിൽ വാക്സിൻ സെന്ററുകൾ 140 ആണെന്നിരിക്കെ 43 ലക്ഷം ജനസംഖ്യയുള്ള മലപ്പുറത്ത് ആകെ 101 വാക്സിനേഷൻ സെന്ററുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ തന്നെ തിരുവനന്തപുരത്ത് 114 സർക്കാർ കേന്ദ്രങ്ങളും 26 സ്വകാര്യ കേന്ദ്രങ്ങളും ഉള്ളപ്പോൾ മലപ്പുറത്ത് യഥാക്രമം 91 ഉം 10 ഉമാണ്. സർക്കാർ സൈറ്റിൽ നിന്ന് ലഭ്യമായ കണക്ക് പ്രകാരം ഇന്ന് 27-05-2021 ന് മറ്റ് പല ജില്ലകളിലും നൂറിലധികം കേന്ദ്രങ്ങളിൽ വാക്സിൻ ലഭിക്കുമ്പോൾ മലപ്പുറം ജില്ലയിൽ കേവലം 29 കേന്ദ്രങ്ങളിൽ മാത്രമാണ് വാക്സിൻ ലഭ്യമായിട്ടുള്ളത്. ഇത് വലിയ അവഗണനയും നിരുത്തരവാദപരവും വേദനാജനകവുമാണെന്ന് സൂചിപ്പിക്കുന്നു.

ആവശ്യത്തിനനുസരിച്ചും യഥാ സമയത്തും വാക്സിൻ ലഭ്യമാക്കാത്തതിനാൽ മലപ്പുറത്ത് ഇത് വരെ ആകെ 6,68000 പേർക്ക് മാത്രമാണ് വാക്സിൻ എടുക്കാൻ കഴിഞ്ഞത്. എന്നാൽ മലപ്പുറത്തേക്കാൾ ജനസംഖ്യ കുറഞ്ഞ തിരുവനന്തപുരത്ത് 10,38,000 പേർക്ക് വാക്സിൻ ലഭിച്ചു കഴിഞ്ഞു.

മലപ്പുറത്ത് ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് കൂടുതലാണെന്ന് സർക്കാർ തന്നെ പറയുമ്പോഴും ആവശ്യമായ വാക്സിൻ ഇത് വരെയും ഇവിടേക്ക് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായ പരിഹാരം കാണുന്നതിനും ജനസംഖ്യാനുപാതികമായി എത്രയും വേഗം കൂടുതൽ ഡോസ് വാക്സിൻ മലപ്പുറം ജില്ലക്ക് അനുവദിക്കുന്നതിനും അങ്ങയുടെ സത്വരമായ ഇടപെടലുണ്ടാവണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

Rafeekha

M.K.RAFEEKHA
President
District Panchayath, Malappuram